**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1678 11.02.2013 - ൽ മറുപടിയ്ക്ക്

തരിശ് കൃഷിസ്ഥലങ്ങളിലെ കൃഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ) | 2008ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തരിശായി കിടക്കുന്ന കൃഷി സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷി നടത്തുന്നതിന് എന്തെങ്കിലും നടപടികൾ കൃഷി വകുപ്പ് നടത്തിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡാറ്റ ബാങ്ക് കുറ്റമറ്റതാക്കി തീർക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ആയതിനു ശേഷം മാത്രമേ തരിശു ഭൂമിയെ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാകൂ. എന്നാൽ കാലാകാലങ്ങളായി തരിശായി കിടക്കുന്നു എന്നു ബോധ്യമായിട്ടുള്ള സ്ഥലങ്ങളിൽ വിവിധ പദ്ധതികളിലൂടെ തരിശു ഭൂമി നെൽകൃഷി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇത് നടപ്പിലാക്കുന്നത് കർഷകരുടേയും കർഷകഗ്രൂപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും പാടശേഖര സമിതികളുടേയും സഹകരണത്തോടു കൂടിയാണ്. 2008 മുതൽ വിവിധ ജില്ലകളിൽ 10316.497 ഹെക്ടർ തരിശു ഭൂമി നെൽകൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ